# കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗം

പുത്തൻകാവ്, ചെങ്ങന്നൂർ

www.valiyaveettilputhencavu.org

2019 മെയ് 1 ബുധൻ



**വാർഷിക സമ്മേളന അറിയിപ്പും പ്രവർത്തന റിപ്പോർട്ടും**

**2018 - 19 ലെ വരവു ചിലവു കണക്കും 2019 -20 ലെ ബജറ്റും**

## റിപ്പോർട്ടു വർഷത്തിലെ ഭാരവാഹികൾ

| | | |
|---|---|---|
| President | : | Mr. Eapen Cherian, Nalloor<br>Puthenveedu, Arattupuzha<br>Post. Chengannur 689123 |
| Vice President | : | Mrs. Annie Mammen, Malayil Valiyaveettil<br>Pennukara Post, Chengannur 689520 |
| Secretary | : | Mr. Cherian P Oommen<br>Pynummoottil Sherins, Angadical,<br>Puthencavu Post, Chengannur 689123 |
| Joint Secretary | : | Mr. Eapen George<br>Alinte Thekkethil Newnest, Kadapra Post<br>Kumbanad 689547 |
| Treasurer | : | Mr. John Eapen,<br>Karippacheril Puthencavu Post<br>Chengannur 689123 |
| Advisor | : | Mr. K.C Chacko<br>Kolanjikombil, Arattupuzha<br>Chengannur 689123 |

## വലിയവീട്ടിൽ കുടുംബയോഗം ശാഖകൾ

**1. ഞാലുംമൂട്ടിൽ, 2. പുത്തൻപുരയ്ക്കൽ, 3. പൈനുംമൂട്ടിൽ, 4. മലയിൽ, 5. എഴിക്കകത്ത്, 6. കല്ലുങ്കൽ**

## കാളിയാങ്കൽ ഗ്ലോബൽ കുടുംബയോഗം

| | | |
|---|---|---|
| രക്ഷാധികാരി | : | **ജസ്റ്റിസ് ജെ. ബി. കോശി**<br>(വൈ.എം.സി.എ. ദേശീയ അദ്ധ്യക്ഷൻ) |
| പ്രസിഡന്റ് | : | **റവ. ഡോ. ഇഗ്നേഷ്യസ് തങ്ങളത്തിൽ** OIC<br>കല്ലൂപ്പാറ |
| ജന. സെക്രട്ടറി | : | **ശ്രീ. ജോയി തോമസ്**<br>പ്ലാത്തോട്ടം, പ്രവിത്താനം, പാലാ |

# കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗം

## പുത്തൻകാവ്

## 43–ാം വാർഷിക സമ്മേളനം നോട്ടീസ്

പ്രിയ കുടുംബാംഗങ്ങളെ,

നമ്മുടെ പൂർവ്വ പിതാക്കന്മാരായ 6 സഹോദരങ്ങൾ പടുത്തുയർത്തിയ കുടുംബബന്ധം 8–9 തലമുറയിൽപ്പെട്ട നമ്മൾ ഇപ്പോഴും ഭംഗിയായി തുടരുന്നതിൽ ദൈവത്തെ മഹത്വപ്പെടുത്തുകയും അഭിമാനിയ്ക്കുകയും ചെയ്യുന്നു.

കുടുംബയോഗം പുനരുദ്ധരിക്കപ്പെട്ടതിനുശേഷമുള്ള 43–ാം വാർഷികസമ്മേളനം 2019 മെയ് 1–ാം തീയതി ബുധനാഴ്ച രാവിലെ 7.30 ന് **'പുത്തൻപുരയ്ക്കൽ'** ശാഖയുടെ ആഭിമുഖ്യത്തിൽ ആറാട്ടുപുഴയുള്ള മാർത്തോമ്മ സഭയുടെ **'തരംഗം'** മിഷൻ ആക്ഷൻ സെന്ററിൽ വെച്ച് നടത്തപ്പെടുന്നതാണ്.

സമൂഹമദ്ധ്യത്തിൽ വ്യക്തികളുമായി ഇടപഴകുമ്പോൾ പലരും കുടുംബാംഗങ്ങൾ ആയിട്ടുള്ളവരായിരുന്നു എന്നുള്ളത് മനസ്സിലാകുമ്പോൾ നമ്മുടെ കുടുംബബന്ധം കുറെക്കൂടി വിപുലീകരിക്കേണ്ട ആവശ്യകത നമുക്ക് ബോദ്ധ്യമാകുന്നു.

മാസംതോറും കൂടുന്ന കുടുംബയോഗകമ്മറ്റി മീറ്റിംഗുകളും, ഓണം, ക്രിസ്തുമസ്സ് മുതലായ അവസരങ്ങളിൽ നടത്തപ്പെടുന്ന പൊതുമീറ്റിംഗുകളും, ഉല്ലാസ യാത്രകളും, ഭവന സന്ദർശനങ്ങളും, വാർഷിക സമ്മേളനവും കുടുംബബന്ധങ്ങളെ കൂടുതൽ ശക്തമാക്കുവാനുള്ള അവസരമാണ്. എന്നാൽ ഇത്തരം സന്ദർഭങ്ങൾ പലരും വേണ്ടവിധം ഉപയോഗപ്രദമാക്കുന്നില്ല. ഇതു ഖേദകരമായ ഒരു അവസ്ഥയാണ്. ആയതിനാൽ നമ്മുടെ കുടുംബാംഗങ്ങൾ എല്ലാവരും ഈ വാർഷിക സമ്മേളനത്തിൽ വന്നു സംബന്ധിച്ച് അനുഗ്രഹപ്രദമാക്കാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

എന്ന്,

പുത്തൻകാവ്
10.04.2019

ചെറിയാൻ പി.ഉമ്മൻ
സെക്രട്ടറി

### പ്രത്യേക ശ്രദ്ധയ്ക്ക്

രാവിലെ 7.30ന് ആറാട്ടുപുഴ സെന്റ് മേരീസ് പള്ളിയിൽ നടക്കുന്ന വി.കുർബ്ബാനയ്ക്കുശേഷം **'തരംഗം'** സെന്ററിൽ പ്രഭാതഭക്ഷണവും, 9.30ന് പൊതു സമ്മേളനം ആരംഭിച്ച് ഉച്ചഭക്ഷണത്തോടെ പരിപാടി സമാപിയ്ക്കുന്നതാണ്.

# പ്രോഗ്രാം

01.05.19 ബുധൻ

| | | |
|---|---|---|
| 7.30 am | : | **വി.കുർബ്ബാന**<br>ആറാട്ടുപുഴ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ മുഖ്യരക്ഷാധി ാരി വെരി. റവ. ഫാ. മാത്യു തോമസ് കോർ എപ്പിസ്കോപ്പായുടെ കാർമ്മികത്വത്തിൽ |
| 9.00 am | : | രജിസ്ട്രേഷൻ |
| 9.30 am | : | **പൊതുസമ്മേളനം** |
| അദ്ധ്യക്ഷൻ | : | **ശ്രീ. ഈപ്പൻ ചെറിയാൻ**<br>(കുടുംബയോഗ പ്രസിഡന്റ്) |
| പ്രാർത്ഥനാഗാനം | : | ലേഡീസ് വിംഗ് അംഗങ്ങൾ |
| ബൈബിൾ വായന | : | **മിസ്സസ്. റോസമ്മ മാത്യു** |
| പ്രാർത്ഥന | : | |
| അനുശോചനം | : | മുൻ വാർഷികത്തിനു ശേഷം നിര്യാതരായ കുടുംബാംഗങ്ങളെ അനുസ്മരിക്കുന്നു |
| സ്വാഗതം | : | **റവ. ഫാ. പി.കെ. കോശി**<br>(രക്ഷാധികാരി) |
| ഉദ്ഘാടനം | : | **ബഹു. റിട്ട. ജസ്റ്റിസ് ജെ.ബി. കോശി**<br>(കാളിയാങ്കൽ ഗ്ലോബൽ കുടുംബയോഗ രക്ഷാധികാരി) |
| അദ്ധ്യക്ഷപ്രസംഗം | : | **ശ്രീ. ഈപ്പൻ ചെറിയാൻ**<br>(കുടുംബയോഗപ്രസിഡന്റ്) |
| മുൻവാർഷിക റിപ്പോർട്ട് | : | **ശ്രീ. ചെറിയാൻ പി. ഉമ്മൻ**<br>(കുടുംബയോഗസെക്രട്ടറി) |
| മുഖ്യപ്രഭാഷണം | : | **അഭിവന്ദ്യ തോമസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ**<br>(ചെങ്ങന്നൂർ മാവേലിക്കര ഭദ്രാസനാധിപൻ) |
| ആശംസാ പ്രസംഗങ്ങൾ | : | **റവ. ഫാ. ഡോ. ഇഗ്നേഷ്യസ് തങ്ങളത്തിൽ** OIC<br>(പ്രസിഡന്റ് കാളിയാങ്കൽ ഗ്ലോബൽ കുടുംബയോഗം)<br>**റവ. ഫാ. ജേക്കബ് ചെറിയാൻ**<br>(വികാരി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി, ആറാട്ടുപുഴ)<br>**റവ. ഫാ. സാമുവേൽ റ്റി. ജോർജ്ജ്,**<br>രക്ഷാധികാരി (മൗണ്ട് ഹോറേബ് ആശ്രമം, ശാസ്താംകോട്ട) |

സ്വയം പരിചയപ്പെടുത്തൽ :

പൊന്നാട അണിയിക്കൽ : **75 വയസ്സ് തികഞ്ഞ കുടുംബാംഗങ്ങൾക്ക്**

(മുൻപു ലഭിക്കാത്തവർക്ക്)

| | | |
|---|---|---|
| പാരിതോഷിക വിതരണം | : | അർഹരായ വിദ്യാർത്ഥികൾക്ക ഉന്നത മാർക്കിന്റെ അടിസ്ഥാനത്തിൽ |
| 2018 -19 ലെ അക്കൗണ്ട്സ് | : | **ശ്രീ. ജോൺ ഈപ്പൻ** (കുടുംബയോഗ ട്രഷറർ) |
| ബജറ്റിൽ അധികരിച്ച തുകയ്ക്കുള്ള അംഗീകാരം | : | |
| ഓഡിറ്റ് റിപ്പോർട്ട് | : | **ശ്രീ. ജോർജ്ജ് ജേക്കബ്** (ആഡിറ്റർ) |
| കണക്ക് പാസ്സാക്കൽ | : | |
| 2019 -20 ലേയ്ക്കുള്ള ബജറ്റ് | : | **ശ്രീ. ജോൺ ഈപ്പൻ** |
| 2019- 20 ലേയ്ക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് | : | |
| കാര്യാലോചന | : | വാർഷിക സമ്മേളനം 2020 |
| സമ്മാനദാനം | : | കലാപരിപാടികൾ അവതരിപ്പിച്ചവർക്ക് |
| കൃതജ്ഞത | : | **ശ്രീ. ബേബി രാജൻ** |

**പ്രാർത്ഥന/ ആശിർവ്വാദത്തോടെ യോഗം അവസാനിയ്ക്കുന്നതും ഉച്ചഭക്ഷണത്തിന് പിരിയുന്നതുമാണ്.**
**സമ്മേളനത്തിൽ വിവിധ കലാപരിപാടികൾ നടത്തപ്പെടുന്നതാണ്.**

# കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗം
# 2018-19 ലെ പ്രവർത്തനറിപ്പോർട്ട്

പ്രിയ കുടുംബാംഗങ്ങളെ,

നമ്മുടെ കുടുംബയോഗവും പ്രവർത്തനങ്ങളും ഒരു വർഷം കൂടി പിന്നിടുന്നു. പുനരുദ്ധാരണത്തിന് ശേഷം ഇന്നേവരെ നമ്മെ കൈപിടിച്ച് അനുഗ്രഹിച്ച ദൈവത്തിനു സ്തോത്രം കരേറ്റുന്നു. ഇതിനു പിന്നിൽ പ്രവർത്തിച്ച പൂർവ്വപിതാക്കന്മാരെയും സാരഥികളെയും നന്ദിയോടെ സ്മരിക്കുന്നു.

2018 മെയിൽ കൂടിയ വാർഷിക സമ്മേളനത്തിൽ തിരഞ്ഞെടുത്ത ഭരണസമിതിയും കമ്മറ്റിയും ഒരു വർഷം പിന്നിടുന്നു. രക്ഷാധികാരിമാരായ ബഹുമാനപ്പെട്ട വൈദിക ശ്രേഷ്ഠർ, ഔദ്യോഗിക ഭരണസമിതി കമ്മിറ്റി അംഗങ്ങൾ, ലേഡീസ് വിംഗ്, യൂത്ത് വിംഗ് എന്നിവരുടെ കൂട്ടായ പ്രവർത്തനവും സഹായവും കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ ഭംഗിയായി മുൻപോട്ട് കൊണ്ടുപോകാൻ സഹായിച്ചു. എല്ലാവരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു.

ഞാലുംമൂട്ടിൽ ശാഖയുടെ ആതിഥ്യത്തിൽ മേയ് 1, 2018 ൽ നടന്ന 42-ാം വാർഷിക സമ്മേളന റിപ്പോർട്ട് 2018 ഡിസംബറിൽ പ്രസിദ്ധീകരിച്ച അർദ്ധവാർഷിക ബുള്ളറ്റിനിൽ ചേർത്തിരുന്നു. 2018 ആഗസ്റ്റ് മാസമുണ്ടായ മഹാപ്രളയം നമ്മുടെ ഓണാഘോഷ പരിപാടിയേയും മുക്കിക്കളഞ്ഞതിൽ വേദനിയ്ക്കുന്നു.

## നിര്യാതരായവർ

കഴിഞ്ഞ വാർഷികസമ്മേളനത്തിനുശേഷം നമ്മളിൽ നിന്നും ദൈവസന്നിധിയിലേക്കു ചേർക്കപ്പെട്ട കുടുംബാംഗങ്ങളുടെ പേരുവിവരം താഴെ ചേർക്കുന്നു. ഈ പ്രിയപ്പെട്ടവരുടെ ദേഹവിയോഗത്തിൽ കമ്മിറ്റി അനുശോചനം രേഖപ്പെടുത്തുകയും സംസ്ക്കാര ശുശ്രൂഷകളിൽ ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വത്തിൽ പോയി സംബന്ധിക്കുകയും, റീത്തു സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.

1. Mrs. Ammini Joseph (82) Malayil Pynummoottil, Piralassery
2. Mr. John Ninan (58) Kollamparambil, Arattupuzha

3. Mrs. Susamma Abraham (83) Kollamparambil, Arattupuzha
4. Mrs. Annamma Ninan (76) Pynummoottil, Angadical
5. Mr. Eapen George (58) Kizhakke Puthenpurackal, Puthencavu
6. Mr. P.E Varghese (91) Parambil, Thiruvalla
7. Mrs. Mariamma Ninan, Pynummoottil, Piralassery
8. Mrs. Annamma Abraham (80) Thoppil, Puthencavu
9. Mr. M.V Mammen (82) Malayil, Pennukara
10. Mrs. Rachel George (47) Kollamparambil, Ranipet
11. Mrs. Gracy Mathew (89) Kizhakke Puthenpurackal, Bangalore
12. Mrs. Mercy George (56), Parambil Padinjattinkara, Piralassery
13. Mrs. Thankamma Zachariah (96), Thoppil Muthirakalayil, Piralassery
14. Mrs. Molly George, Alummoottil, Puthencavu
15. Mrs. Thankamma Kochaipe (93), Kizhakke Pynummoottil, Puthencavu
16. Mr. P.A Jacob, Puthenpurackal, Othera
17. Mr. P.A Cherian (75) Pynummoottil Piralassery
18. Mr. Sijo Sunny (32) Pulikkatharayil, Prakkanam
19. Mrs. Annamma Mathew (90) Parambil Peedikayil Puthencavu
20. Dr. P.V Thomas (90) Puthenpurackal Peedikayil, North Paravoor
21. Mr. K.K Thomas (68) Kizhakke Puthenpurackal, Bhopal
22. Mrs. Aleyamma Thomas (75) Kizhakke Puthenpurackal, Puthencavu

പുത്തൻകാവിന്റെ അരുമസന്താനവും, ചെങ്ങന്നൂർ ഭദ്രാസനാധിപനുമായിരുന്ന അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ ദേഹവിയോഗത്തിൽ കുടുംബയോഗം അനുശോചനം രേഖപ്പെടുത്തുകയും, കബറടക്കശുശ്രൂഷയിൽ അംഗങ്ങൾ സംബന്ധിക്കുകയുമുണ്ടായി.

## കമ്മിറ്റി മീറ്റിംഗുകൾ

2018–19 ൽ 11 കമ്മിറ്റികൾ കൂടാൻ സാധിച്ചു. മെയ് 2018 മുതലുള്ള എല്ലാ മാസവും ഓരോ അംഗങ്ങളും അവരുടെ ഭവനങ്ങൾ മീറ്റിംഗ് കൂടാൻ വേദിയാക്കുന്നു. പ്രളയദുരിതം കാരണം ഓഗസ്റ്റ് 2018 ൽ കമ്മിറ്റി കൂടാൻ സാധിച്ചില്ല. വേദി ഒരുക്കി കാപ്പി സൽക്കാരം ക്രമീകരിച്ച എല്ലാ അംഗങ്ങളെയും അഭിനന്ദിയ്ക്കുകയും നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു.

1. 29.05.2018 Mr.Eapen Cherian, Nallor Puthenveedu, Arattupuzha
2. 27.06.2018 Mr. Cherian P. Oommen, Pynummoottil Sherins, Angadical, Puthencavu
3. 24.07.2018 Fr. P.K Koshy, Parambil Padinjattinkara, Manthuka
4. 17.08.2018 No Meeting due to Flood
5. 25.09.2018 Prof. P.M. Thomas, Puthenpurackal, Mulakuzha
6. 19.10.2018 Mr. Prasad Mammen, Malayil House, Pennukkara
7. 16.11.2018 Mrs. Annie Mammen, Malayil , Pennukkara
8. 14.12.2018 Mr. Eapen George, Alintethekkethil, Kadapra
9. 18.01.2019 Mr. Jacob Mathew. Puthenpurackal, Puthencavu
10. 19.02.2019 Mr. K.John, Kaippacheril, Piralassery
11. 15.03.2019 Mr. Joseph Abraham, Ezikakathu Bunglow, Pathanapuram
12. 11.04.2019 Dr. Cherian M. Koshy, Malayil House, Pennukkara

## ക്രിസ്തുമസ് ആഘോഷം 2018

കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗത്തിന്റെ 2018 ലെ ക്രിസ്തുമസ് ആഘോഷം പമ്പാനദിയുടെ തീരത്ത് മനോഹരമായി പണിതുയർത്തിയ മാർത്തോമ്മാ റിട്രീറ്റ് സെന്ററായ ആറാട്ടുപുഴ തരംഗത്തിൽ വെച്ചു ഡിസംബർ 28, 2018 വെള്ളിയാഴ്ച പകൽ 3 മണിയ്ക്ക് നടത്തപ്പെട്ടു.

പ്രസിഡന്റ് Mr. Eapen Cherian ന്റെ മഹനീയ അദ്ധ്യക്ഷതയിൽ 3.20 ന് പരിപാടികൾ ആരംഭിച്ചു. വേദിയിൽ കുടുംബയോഗ മുഖ്യരക്ഷാധികാരി Very. Rev. Mathew Thomas Cor Episcopa മുഖ്യപ്രഭാഷകൻ Adv. V.C Sabu, Justice (Rtd.) Benjamin Koshy,

രക്ഷാധികാരി Fr. Thomas Joseph, Dn. Geevarghese എന്നിവർ ഉപവിഷ്ടരായിരുന്നു. പ്രാർത്ഥനയോടെ പരിപാടികൾക്ക് തുടക്കം കുറിച്ചു.

Mrs. Leelamma Ninan വി.ലൂക്കോസിന്റെ സുവിശേഷം 2-ാം അദ്ധ്യായം 1 മുതൽ 11 വരെയുള്ള വേദവാക്യങ്ങൾ വായിച്ചു.

Ladies Wing അംഗങ്ങൾ "പൈതലാം യേശുവേ" എന്ന ഗാനം ആലപിച്ചു. മെയ് 1, 2018 മുതൽ 27.12.2018 വരെ നമ്മളിൽ നിന്നും ദൈവസന്നിധിയിലേക്ക് ചേർക്കപ്പെട്ട കുടുംബാംഗങ്ങൾക്ക് അനുശോചനം രേഖപ്പെടുത്തി പ്രാർത്ഥന നടത്തി.

സെക്രട്ടറി Mr. Cherian P. Oommen എല്ലാവർക്കും സ്വാഗതം ആശംസിക്കുകയും വിശിഷ്യ ഈ സമ്മേളനത്തിൽ ആദരിയ്ക്കുന്ന അംഗങ്ങളെ സ്വാഗതം ചെയ്ത് ആശംസ അറിയിയ്ക്കുകയും എല്ലാവർക്കും ക്രിസ്തുമസ് പുതുവർഷ ആശംസകൾ നേരുകയും ചെയ്തു.

President Mr. Eapen Cherian തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ 2018 വർഷം പിൻതലമുറകൾക്ക് ഓർത്തിരിയ്ക്കാനുള്ള ഒരു വർഷമാണെന്നും സംഘർഷം, പട്ടിണി, പരിവട്ടം നിറഞ്ഞ ഒരു വർഷമായിരുന്നു എന്നും, ധനികർപോലും വിശപ്പ് എന്താണെന്ന് 2018 ഓഗസ്റ്റ് മാസം ഉണ്ടായ പ്രളയം മനസ്സിലാക്കി കൊടുത്ത ഒരു കാലമായിരുന്നു എന്നും പറയുകയുണ്ടായി. ബൈബിൾ പഴയനിയമത്തിൽ ആകാശത്തു നിന്നും മന്ന വർഷിപ്പിച്ചതുപോലെ ഹെലിക്കോപ്ടറിൽ നിന്നും വർഷിച്ച ആഹാരം ജാതിമതഭേദമെന്യേ ഒരുപോലെ പങ്കിട്ട് അനുഭവിച്ച അവസരങ്ങളാണെന്നും ദൈവകൃപയാൽ പ്രതിസന്ധികളെ തരണം ചെയ്യാൻ ദൈവം കൃപ തന്നെന്നും പറയുകയുണ്ടായി. നമ്മുടെ കുടുംബാംഗങ്ങൾക്ക് പല അംഗീകാരം ലഭിച്ച ഒരു കാലയളവാണ് എന്നും ഓർമ്മിപ്പിക്കുകയുണ്ടായി.

Kumari. Anagha Aji "Mary Did you Know" എന്ന മനോഹരഗാനം ആലപിച്ചു.

**ക്രിസ്തുമസ് ദൂത്** -: Adv. V.C. Sabu തന്റെ പ്രസംഗത്തിൽ ക്രിസ്തുമസ് എല്ലാ തലത്തിലുള്ള ആൾക്കാരുടെയും ആഘോഷമാണെന്നും കുടുംബാംഗങ്ങൾ ഉയർന്ന കൊടുമുടിയിലേയ്ക്ക് കയറുമ്പോൾ മാനസികമായി അവരോടൊപ്പം പങ്കുചേരാൻ ഈ അവസരം ഉപയോഗിയ്ക്കട്ടെ എന്ന് ആമുഖമായി പറഞ്ഞു.

ക്രിസ്തുമസ് സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും പര്യായമാണ്. തന്റെ സ്വർഗ്ഗീയ പുത്രനെ മനുഷ്യരാശിയുടെ ഉന്നമനത്തിനുവേണ്ടി തന്ന ഒരുവനാണ് പുൽക്കൂട്ടിൽ നവജാതനായ പൈതൽ. സർവ്വജനത്തിനും എത്താനും തൊടാനും പറ്റുന്ന ഒരു ഇടമായ പശുതൊഴുത്തിലാണ് ക്രിസ്തുവിന്റെ ജനനം. വലത്തുവശത്തെ കള്ളനെ പറുദീസയിൽ ചേർത്ത സ്നേഹത്തിന്റെ ഉടമയാണ് ക്രിസ്തു.

നീതിമാനായ ജോസഫ് ദൈവത്തെ ഉൾക്കൊള്ളാനുള്ള ത്യാഗം സഹിച്ച വ്യക്തിയാണ്. നിന്റെ ഇഷ്ടംപോലെ ഭവിക്കട്ടെ എന്ന് ഉരുവിട്ട വിശുദ്ധ മറിയാമിന്റെ സമർപ്പണം എടുത്തു പറയേണ്ടതാണ്.

സ്നേഹത്തിന്റെയും, ത്യാഗത്തിന്റെയും, സമർപ്പണത്തിന്റെയും മനോഭാവം ഉൾക്കൊണ്ട് കുടുംബാംഗങ്ങൾ മുൻപോട്ടു പോകണമെന്നും അച്ചനോടൊപ്പം യാത്ര ചെയ്യുകയും, അമ്മയുടെ മടിയിൽ ഇരിയ്ക്കുകയും ചെയ്യുന്ന കുഞ്ഞിന്റെ സ്നേഹമാണ് കുടുംബയോഗങ്ങളിൽ ദർശിയ്ക്കേണ്ടത് എന്നും പറയുകയുണ്ടായി.

കുടുംബാംഗങ്ങൾക്ക് ക്രിസ്തുമസ് പുതുവർഷ ആശംസകൾ നേർന്നു.

Dr. Cherian M. Koshy "ഈ രാവിൽ" എന്ന ഗാനം ആലപിച്ചു.

**ആദരവ്-** : കുടുംബയോഗ മുഖ്യ രക്ഷാധികാരി Very. Rev. Mathew Thomas അച്ചനെ Cor Episcopa പദവിയിലേക്ക് ഉയർത്തപ്പെട്ടതിൽ കുടുംബാംഗങ്ങൾ സന്തോഷിയ്ക്കുകയും ഉത്തമവും ഉദാത്തവുമായ വൈദിക ജീവിതത്തെ ആത്മീകതയുടെ അമൃതധാരയിൽ സമൃദ്ധമാക്കി കോർ എപ്പിസ്ക്കോപ്പ പട്ടം സ്വീകരിച്ച ബഹു. വെരി. റവ.മാത്യു തോമസച്ചന് കുടുംബയോഗത്തിന്റെ സ്നേഹാദരവുകൾ എന്ന് ആലേഖനം ചെയ്ത ഫലകം Justice (Rtd.) Benjamin Koshy നൽകി ആദരിച്ചു.

കാളിയാങ്കൽ ഗ്ലോബൽ കുടുംബയോഗരക്ഷാധികാരിയും കുടുംബയോഗത്തിന്റെ അഭിമാനവുമായ Justice (Retd.) Benjamin Koshy ക്ക് YMCA യുടെ ദേശീയ അദ്ധ്യക്ഷ പദവി ലഭിച്ചതിൽ കുടുംബയോഗം അഭിനന്ദിയ്ക്കുകയും "നീതി പീഠത്തിന്റെ സർവ്വാ

ദരണീയതയും, മനുഷ്യസേവനത്തിന്റെ സർവ്വശ്രേഷ്ഠതയും മുഖ മുദ്രയാക്കി മാനവികതയുടെ പ്രചാരകരായ വൈ.എം.സി.എ യുടെ ദേശീയ അദ്ധ്യക്ഷ സ്ഥാനത്തേക്കു അവരോധിക്കപ്പെട്ട ബഹു. ജസ്റ്റിസ് ബെഞ്ചമിൻ കോശിയ്ക്ക് കുടുംബയോഗത്തിന്റെ എല്ലാ വിധ ആശംസകളും നേരുന്നു'' എന്ന് ആലേഖനം ചെയ്ത ഫലകം പ്രസിഡന്റ് Mr. Eapen Cherian സമർപ്പിക്കുകയുണ്ടായി.

പൗരോഹിത്യ രജതജൂബിലി കൊണ്ടാടിയ കുടുംബയോഗ രക്ഷാധികാരി ബഹുമാനപ്പെട്ട തോമസ് ജോസഫ് അച്ചന് ''ദൈവ കൃപയിൽ ഒരുങ്ങിയ വൈദീക ജീവിതത്തെ നന്മയുടെ രജത ജൂബിലിയാൽ പ്രശോഭിതമാക്കിയ റവ.തോമസ് ജോസഫ് അച്ചന് കുടുംബയോഗത്തിന്റെ സ്നേഹാദരവുകൾ'' എന്ന് രേഖപ്പെടുത്തിയ ഫലകം കുടുംബയോഗ മുൻ പ്രസിഡന്റും അഡ്വൈസറുമായ Mr. K.C. Chacko നൽകി ആദരിച്ചു.

വൈദിക പദവിയുടെ ആദ്യപടവിലേക്ക് പ്രവേശിച്ച കുടുംബയോഗം യൂത്ത് വിംഗ് മുൻ വൈസ് പ്രസിഡന്റ് Gibu George (Dn. Gheevarghese) ന് കുടുംബയോഗം ''ദൈവശു ശ്രൂഷാ വീഥിയിൽ ആത്മീക സമർപ്പണത്തിന്റെ ആദ്യപാദം എളിമ യോടെ വയ്ക്കുന്ന ഗീവർഗ്ഗീസ് ശെമ്മാശന് കുടുംബയോഗത്തിന്റെ സ്നേഹാദരവുകൾ'' എന്ന് ആലേഖനം ചെയ്ത ഫലകം സെക്രട്ടറി Mr. Cherian P. Oommen സമർപ്പിച്ച് ആദരിച്ചു.

തുടർന്ന് കുമാരി ഹന്ന മോൾ ഡാൻസ് അവതരിപ്പിച്ചു.

കുമാർ എറിക് ജേക്കബിന്റെ ഗിത്താർ വായന പരിപാടിയെ കൊഴുപ്പിച്ചു.

ശ്രീ. കെ.സി ചാക്കോ തന്റെ ആശംസാ പ്രസംഗത്തിൽ എല്ലാ കുടുംബാംഗങ്ങൾക്കും പുതുവർഷ ആശംസകൾ അർപ്പിച്ചു. ശ്രീ. പി.കെ ഗീവർഗ്ഗീസ് തന്റെ ആശംസാ പ്രസംഗത്തിൽ ഇന്ന് ആദ രിച്ച വ്യക്തികളെ പേരെടുത്തു പറഞ്ഞ് ആശംസകൾ അറിയിച്ചു. ശ്രീ. ഈപ്പൻ കെ. നൈനാൻ തന്റെ ആശംസാ പ്രസംഗത്തിൽ തരംഗം വേദിയിൽ പ്രതിഷ്ഠിച്ചിരിയ്ക്കുന്ന കർത്താവിന്റെയും ശിഷ്യന്മാരു ടെയും രൂപം ''നിങ്ങളുടെ ചിന്തകൾ എന്റെ മേൽ ഇട്ടുകൊള്ളുക'' എന്ന വേദവാക്യത്തിന് അനുരൂപമാണെന്നും എല്ലാവർക്കും പുതു വർഷ ആശംസകൾ നേരുകയും ചെയ്തു.

Justice (Retd.) Benjamin Koshy തനിക്കു ലഭിച്ച ആദ

രവിന് നന്ദി രേഖപ്പെടുത്തുകയും എല്ലാവർക്കും ആശംസകൾ നേരുകയും ചെയ്തു.

Very. Rev. Fr. Mathew Thomas Cor Episcopa തന്റെ മറുപടി പ്രസംഗത്തിൽ ഈ പദവി ലഭിയ്ക്കാൻ കുടുംബാംഗങ്ങൾ ചെയ്ത പ്രവർത്തനങ്ങൾക്ക് നന്ദി രേഖപ്പെടുത്തി ആശംസകൾ നേർന്നു.

"O Come Holy Faithful"എന്ന മംഗളഗാനം ലേഡീസ് വിംഗ് അംഗങ്ങൾ ആലപിച്ചു. ഗാനങ്ങൾക്ക് ഓർഗൻ വായിച്ചു സഹായിച്ച ശ്രീ. ദീപുവിനു ലേഡീസ് വിംഗ് വകയായി നൽകിയ ഉപഹാരം Very.Rev.Fr. Mathew Thomas Cor Episcopa നൽകി.

കുടുംബയോഗ ജോയിന്റ് സെക്രട്ടറി ശ്രീ. ഈപ്പൻ ജോർജ്ജ് വന്നുചേർന്ന എല്ലാവർക്കും പ്രത്യേകിച്ച് കാപ്പി സൽക്കാരം ക്രമീകരിച്ച ലേഡീസ് വിംഗ് അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുകയും പുതുവർഷ ആശംസകൾ നേരുകയും ചെയ്തു.

പ്രാർത്ഥന, ആശിർവാദത്തോടെ പരിപാടി 5 മണിക്ക് സമാപിച്ചു. ചായ സൽക്കാരത്തിനു ശേഷം പിരിഞ്ഞു.

.......................................

## ലേഡീസ് വിംഗ്

കുടുംബയോഗത്തിന്റെ സ്ത്രീശക്തിയാണ് ലേഡീസ് വിംഗ്. ഇവർ ചേർന്ന് അടുത്ത സമയത്ത് രൂപീകരിച്ച "വലിയവീട്ടിൽ ഫുഡ് പ്രോഡക്ട്സ്" എന്ന കാറ്ററിംഗ് സർവ്വീസ് ഭംഗിയായി മുൻപോട്ടു പോകുന്നു. ഈ സംരഭത്തിൽ നിന്നും ലഭിയ്ക്കുന്ന ലാഭവിഹിതത്തിന്റെ നല്ലൊരു പങ്കും കുടുംബയോഗത്തിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് സംഭാവന നൽകുന്നു. ഇവരുടെ സേവനത്തിന് നന്ദി രേഖപ്പെടുത്തുന്നു. കുടുംബാംഗങ്ങളുടെ ഭവനങ്ങളിലും പരിചയമുള്ള ആൾക്കാരുടെ ഭവനങ്ങളിലും നടക്കുന്ന സൽക്കാരങ്ങളിലും ഇവരുടെ കാറ്ററിംഗ് സർവ്വീസ് പ്രയോജനപ്പെടുത്തി ഈ സംരംഭത്തെ വിജയിപ്പിക്കുക.

## യൂത്ത് വിംഗ്

പുതുതലമുറ പലസ്ഥലങ്ങളിലും ദേശത്തുമായി ജോലി സംബന്ധമായി മാറിനിൽക്കുന്നതിനാൽ ഇതിന്റെ പ്രവർത്തനം മന്ദീഭവിച്ചുകാണുന്നു. സോഷ്യൽ മീഡിയ വഴി ഇവർക്ക് കുടുംബയോഗപ്രവർത്തനങ്ങൾ വിശദീകരിക്കുകയും അവരുടെ നിർദ്ദേശങ്ങൾ സ്വീകരിച്ചും വരുന്നു.

## ജീവകാരുണ്യപ്രവർത്തനം

2018-19 കാലയളവിൽ 20,000/- രൂപ ചികിത്സാ സഹായത്തിന് കൊടുക്കാൻ സാധിച്ചു. ഈ തുക സമാഹരിക്കാൻ സഹായിച്ച കുടുംബാംഗങ്ങളെയും ലേഡീസ് വിംഗ് അംഗങ്ങളെയും അഭിനന്ദിക്കുന്നു.

## അർദ്ധവാർഷിക ബുള്ളറ്റിൻ, കലണ്ടർ 2019

മുൻവർഷങ്ങളിലെപ്പോലെ ഇവ രണ്ടും അച്ചടിച്ച് വിതരണം ചെയ്യാൻ സാധിച്ചു. ഈ പ്രസിദ്ധീകരണങ്ങളിൽ ലഭിക്കുന്ന പരസ്യ തുകയാണ് ഇതിന്റെ ചിലവിനമായി ഉപയോഗിക്കുന്നത്. പരസ്യം തന്നു സഹായിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.

## ഭവനസന്ദർശനം

അനാരോഗ്യകാരണങ്ങളാൽ കുടുംബയോഗങ്ങളിൽ പങ്കെടുക്കാൻ പറ്റാത്ത അംഗങ്ങളുടെ ഭവനങ്ങൾ വൈദികരുടെ നേതൃത്വത്തിൽ സന്ദർശിക്കുകയും രോഗസൗഖ്യത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുകയുണ്ടായി.

## തീരുമാനങ്ങൾ

ജനുവരി 18, 2019 ൽ പുത്തൻപുരയ്ക്കൽ ശ്രീ. ജേക്കബ് മാത്യുവിന്റെ ഭവനത്തിൽ വച്ച് കൂടിയ മാനേജിംഗ് കമ്മറ്റി മീറ്റിംഗിൽ കുടുംബയോഗത്തിന്റെ ആഡിറ്റേഴ്സ് ശ്രീ. ജോർജ്ജ് ജേക്കബ്, ശ്രീ. സഖറിയാ ജോൺ എന്നിവരെ കുടുംബയോഗ കമ്മിറ്റി മീറ്റിംഗിലേക്ക് ക്ഷണിതാക്കളായി പങ്കെടുപ്പിക്കാൻ തീരുമാനിച്ചു.

കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗം 1955 ലെ 12-ാംമത് തിരുവിതാംകൂർ- കൊച്ചി ധർമ്മസ്ഥാപന രജിസ്റ്ററാക്കൽ ആക്ട്, പ്രകാരം ALP / TC / 225 / 2016 നമ്പർ പ്രകാരം 2016 - 2017 കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതും ആകുന്നു. 2018-2019 വരെ പുതുക്കി ലഭിച്ചിട്ടുള്ളതും ആകുന്നു. എന്നാൽ ഈ ആക്ടിലെ നിയമപ്രകാരം വർഷംതോറും ഭാരവാഹികളെ തെരഞ്ഞെടുക്കേണ്ടതും വാർഷിക പൊതുയോഗം കഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടെ പട്ടിക നല്കി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്.

ആയതിൻ പ്രകാരം 2019 ഫെബ്രുവരി 19-ാം തീയതി

കരിപ്പാച്ചേരിൽ ശ്രീ. കെ. ജോണിന്റെ ഭവനത്തിൽ കൂടിയ മാനേജിംഗ് കമ്മിറ്റി നിലവിലുള്ള ഭരണസമിതി തന്നെ 2019 - 2020 കാലയളവിലും തുടരണമെന്ന് ഏകകണ്ഠമായി തീരുമാനിച്ചു. ആയതിൻപ്രകാരം 2019 മെയ് ഒന്നിനു കൂടുന്ന വാർഷിക പൊതുയോഗത്തിൽ ഈ തീരുമാനം അവതരിപ്പിച്ച് പൊതുയോഗത്തിന്റെ അംഗീകാരം നേടണം. നിലവിലുള്ള ബാങ്കിംഗ് നിയമങ്ങൾക്ക് അനുസൃതമായി ചാരിറ്റബിൾ ആക്ട് പ്രകാരം സാമ്പത്തിക ഇടപാടുകളുടെ ഭദ്രതയ്ക്കുവേണ്ടി രജിസ്ട്രേഷൻ നിർബന്ധമാണ്.

## ഉപസംഹാരം

കഴിഞ്ഞ ഒരു വർഷക്കാലം പ്രവർത്തിക്കുവാൻ അവസരം കിട്ടിയതിൽ ദൈവത്തെ സ്തുതിക്കുന്നു. നല്ല രീതിയിൽ പ്രവർത്തിക്കുവാൻ സാധിച്ചില്ലാ എങ്കിലും മോശമായ രീതിയിൽ പ്രവർത്തിച്ചില്ല എന്ന് അഭിമാനിക്കുന്നു. എല്ലാ കുടുംബാംഗങ്ങളും ഭാരവാഹികളും തന്ന സഹകരണത്തിന് നന്ദി അർപ്പിച്ച് വാർഷിക റിപ്പോർട്ട് സമർപ്പിക്കുന്നു.

പുത്തൻകാവ്<br>1.04.2019.

**ചെറിയാൻ പി ഉമ്മൻ**<br>സെക്രട്ടറി

●

# അറിയിപ്പുകൾ

1. 2019 മെയ് 1-ാം തീയതിക്കകം 75 വയസ്സു പൂർത്തിയാകുന്ന നമ്മുടെ കുടുംബാംഗങ്ങളുടെ പേരുവിവരങ്ങൾ അറിയിക്കേണ്ടതാണ്. അവരെ വാർഷിക സമ്മേളനത്തിൽ അനുമോദിച്ച് പൊന്നാട അണിയിക്കുന്നതാണ്. കമ്മിറ്റി മെമ്പർമാർ ഇക്കാര്യം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
2. 2017-18 വിദ്യാഭ്യാസ വർഷത്തിൽ ഉന്നതനിലവാരത്തിൽ മാർക്കുനേടി എസ്.എസ്.എൽ.സി, ഐ.സി.എസ്.ഇ, സി.ബി.എസ്.ഇ, +2, ബി.എ, ബി.എസ്.സി, വി.എച്ച്.സി പരീക്ഷകളിൽ വിജയിച്ചിട്ടുള്ള നമ്മുടെ കുട്ടികൾക്ക് നിശ്ചിത സ്കോളർഷിപ്പ് വാർഷിക സമ്മേളനത്തിൽ വെച്ചു നൽകുന്നതാണ്. സാക്ഷ്യപ്പെടുത്തിയ മാർക്ക്‌ലിസ്റ്റ് 15-4-2019 നു മുമ്പായി ലഭിച്ചിരിക്കേണ്ടതാണ്.
3. 2017-18 വർഷത്തിൽ എസ്.എസ്.എൽ.സിയോ തത്തുല്യ പരീക്ഷയോ ആദ്യ തവണ ജയിച്ചിട്ടുള്ള നമ്മുടെ കുടുംബയോഗത്തിലെ 10 കുട്ടികൾക്ക് ലഭിച്ച മാർക്കിന്റെ ക്രമപ്രകാരം നിർദ്ദിഷ്ട പ്രോത്സാഹനസമ്മാനം നൽകുന്നതാണ്. 15.04.2019 നു മുമ്പ് മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിച്ചിരിക്കേണ്ടതാണ്.
4. വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം അർഹിക്കുന്ന നമ്മുടെ കുട്ടികൾക്ക് ധനസഹായം നൽകുന്നതാണ്. രക്ഷകർത്താവ് യഥാസമയം അപേക്ഷ നൽകിയിരിക്കണം (15-04-2019 നു മുമ്പ്)
5. ചികിത്സാവശ്യങ്ങൾക്ക് ധനസഹായം ആവശ്യമുള്ള കുടുംബാംഗങ്ങൾക്ക് അവരുടെയോ ബന്ധപ്പെട്ടവരുടെയോ അപേക്ഷയിന്മേൽ അർഹതയനുസരിച്ച് ധനസഹായം നൽകുന്നതാണ്.

## പാരതോഷികങ്ങളും ഇതര സഹായങ്ങളും

### (കുടുംബയോഗാംഗങ്ങൾക്കു മാത്രം)

1. സ്കോളർഷിപ്പുകൾ

തൊട്ടുമുൻപു അദ്ധ്യായന വർഷത്തിൽ ഉന്നതവിജയം നേടിയ കുട്ടികൾക്ക് താഴെപ്പറഞ്ഞിരിക്കുന്ന സ്കോളർഷിപ്പുകൾ നൽകുന്നതാണ്.

(i) എസ്.എസ്.എൽ.സി(ഏറ്റവും കൂടുതൽ മാർക്ക്) കരിപ്പാച്ചേരിൽ ശ്രീ.ഈപ്പൻ നൈനാൻ മെമ്മോറിയൽ

(ii) എസ്.എസ്.എൽ.സി (2-ാം സ്ഥാനം) മലയിൽ ശ്രീ. കുഞ്ഞപ്പി മെമ്മോറിയൽ)

(iii) സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ(ക്ലാസ്സ് 10)ഏറ്റവും കൂടുതൽ മാർക്ക് മലയിൽ ഡോ.എം.എം. കോശി മെമ്മോറിയൽ

(iv) സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ(ക്ലാസ് 12) ഏറ്റവും കൂടുതൽ മാർക്ക് - മലയിൽ ശ്രീമതി തങ്കമ്മ കോശി മെമ്മോറിയൽ

(v) വി.എച്ച്.എസ്.എസ് ഫസ്റ്റ് ക്ലാസിൽ ഏറ്റവും കൂടുതൽ മാർക്ക് - മലയിൽ ശ്രീമതി ഏലിയാമ്മ കുഞ്ഞപ്പി മെമ്മോറിയൽ

## മറ്റു ധന സഹായ പദ്ധതികൾ

1. ആറാട്ടുപുഴ താഴത്തേടത്തു പരേതരായ ഡോ.റ്റി.ഐ ഈപ്പൻ സൂസന്നാമ്മ ഈപ്പൻ എന്നിവരുടെ മക്കൾ ശ്രീ.ഈപ്പനും ശ്രീ. മത്തായി ഈപ്പനും ചേർന്ന് നൽകിയിട്ടുള്ള എൻഡോവ്മെന്റ് തുകയായ 2000/- രൂപയുടെ സ്ഥിരനിക്ഷേപ പലിശ നമ്മുടെ കുടുംബത്തിൽപ്പെട്ട സമർത്ഥരായ കുട്ടികൾക്ക് അർഹതാനുസരണം വിദ്യാഭ്യാസത്തിന് വേണ്ടി നൽകുന്നതാണ്.
2. കുടുംബയോഗ മുൻ പ്രസിഡന്റ് കോന്നി മാമ്മൂട്ടിൽ എസ്റ്റേറ്റിൽ ശ്രീ.കെ.ജി ജോണിന്റെ സ്മരണയ്ക്കായി മക്കൾ ശ്രീ.വർക്കി ജോണും, ശ്രീ. കെ.ജെ ജോർജ്ജും ചേർന്ന് എൻഡോവ്മെന്റായി ഫിക്സഡ് ഡിപ്പോസിറ്റിൽ നിക്ഷേപിച്ചിരിക്കുന്ന 10000/- രൂപയിൽ നിന്ന് കിട്ടുന്ന പലിശ നമ്മുടെ കുടുംബാംഗങ്ങൾക്ക് വിദ്യാഭ്യാസ ത്തിനോ ചികിത്സക്കോ അർഹതാനുസരണം നൽകുന്നതാണ്.
3. പുത്തൻകാവ് പുത്തൻപുരക്കൽ (ഹൗസ് നമ്പർ 1) ദിവംഗതനായ ശ്രീ. മാമ്മൻ ഉമ്മന്റെ (മോനി) സ്മരണയ്ക്കായി മാതാവ് ശ്രീമതി മേരി മാമ്മൻ നൽകിയിട്ടുള്ള എൻഡോവ്മെന്റ് 10000/- രൂപയുടെ (ഫിക്സഡ് ഡിപ്പോസിറ്റ്) പലിശ കുടുംബയോഗത്തിൽപ്പെട്ട രോഗികൾക്ക് ചികിത്സാർത്ഥം നൽകുന്നതാണ്.
4. ആറാട്ടുപുഴ നല്ലൂർ പുത്തൻപീടികയിൽ ശ്രീ.ചെറിയാൻ അലക്സ് (രാജൻ) എൻഡോവ്മെന്റായി 50000/- രൂപാ (അമ്പതിനായിരം) നൽകിയിട്ടുള്ളതിൽ നിന്ന് ഇരുപത്തയ്യായിരം രൂപ അദ്ദേഹത്തിന്റെ പിതാവ് ശ്രീ.എൻ.ഐ ചെറിയാൻ അവർകളുടെ സ്മരണയ്ക്ക് ഫിക്സഡ് ഡിപ്പോസിറ്റായി നിക്ഷേപിച്ചു. അതിന്റെ പലിശ അർഹ രായ രോഗികൾക്ക് ചികിത്സക്കുവേണ്ടി നൽകുന്നതാണ്. ബാക്കി ഇരുപത്തയ്യായിരം രൂപ അദ്ദേഹത്തിന്റെ മകൻ മാസ്റ്റർ ചെറി യാൻ അലക്സ് (ജൂണിയർ)(കൊച്ച്) അവർകളുടെ സ്മരണയ്ക്ക് ഫിക്സഡ് ഡിപ്പോസിറ്റായി നിക്ഷേപിച്ചു. ആയതിന്റെ പലിശ സമർത്ഥരായ അർഹർക്ക് വിദ്യാഭ്യാസ ചെലവിനുവേണ്ടി കൊടു ക്കുന്നതാണ്.
5. കോന്നി ഊട്ടുപാറ മാമ്മൂട്ടിൽ എസ്റ്റേറ്റിൽ ശ്രീ. കെ.ജോർജ്ജ് ജോസഫിന്റെയും ശ്രീമതി അമ്മിണി ജോസഫിന്റെയും സ്മരണയ്ക്ക് പുത്രി ഡോ. ഉഷാ ജോർജ്ജ് 20000(ഇരുപതിനായിരം)രൂപ

എൻഡോവ്മെന്റായി തന്നിട്ടുണ്ട്. ഇതിൽ നിന്നും കിട്ടുന്ന പലിശ ഏതു വിഭാഗത്തിലുമുള്ള പി.എച്ച്.ഡി ബിരുദം നേടുന്ന ഒരു വ്യക്തിക്ക് പാരിതോഷികമായി നൽകുന്നതാണ്.

6. പെണ്ണുക്കര മലയിൽ ശ്രീ. എം.ഇ ജോർജ്ജ് അവർകളുടെ സ്മരണയ്ക്കായി മകൾ ശ്രീമതി.ഡോ.ജെസി ജോർജ്ജ് കുര്യൻ കുടുംബാംഗങ്ങളായ അർഹതപ്പെട്ടവർക്ക് വിദ്യാഭ്യാസത്തിനോ ചികിത്സയ്ക്കോ സഹായമായി പലിശത്തുകയെടുത്ത് സംഭാവന നൽകുന്നതിന് 25000/- (ഇരുപത്തി അയ്യായിരം രൂപ) എൻഡോവ്മെന്റായി തരുകയും അത് ഫിക്സഡ് ഡിപ്പോസിറ്റായി നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.
7. നമ്മുടെ കുടുംബയോഗത്തിലെ അർഹതയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസാവശ്യങ്ങൾക്കായി വെരി.ഡോ.പി.എസ് ശാമുവേൽ കോർ എപ്പിസ്ക്കോപ്പാ (അമേരിക്ക) അദ്ദേഹത്തിന്റെ സഹധർമ്മിണി ശ്രീമതി അമ്മിണി ടീച്ചറുടെ ഓർമ്മയ്ക്ക് 5000(അയ്യായിരം) രൂപ എൻഡോവ്മെന്റ് ആയി തന്നിട്ടുണ്ട്.
8. താഴത്തേടത്ത് ശ്രീ.റ്റി.എൻ.ജോർജ്ജ് മെമ്മോറിയൽ എൻഡോവ്മെന്റായി അദ്ദേഹത്തിന്റെ മകൻ ഡോ. ജോർജ്ജ് ഈപ്പൻ തന്ന 5000/- രൂപയുടെ സ്ഥിരനിക്ഷേപത്തിന്റെ പലിശ നമ്മുടെ കുടുംബയോഗത്തിലെ വിദ്യാർത്ഥികളുടെ പഠനാവശ്യത്തിലേക്ക് അർഹതയനുസരിച്ച് നൽകുന്നതാണ്.
9. ആറാട്ടുപുഴ താഴത്തേടത്തു ചെറുതാല ശ്രീ.റ്റി.എം.ഏബ്രഹാം തന്റെ മാതാപിതാക്കൾ ശ്രീ.എം.കെ.മാത്യു & ശ്രീമതി തങ്കമ്മ മാത്യു എന്നിവരുടെ സ്മരണാർത്ഥം നൽകിയ എൻഡോവ്മെന്റ് തുകയായ 25000/- രൂപയുടെ സ്ഥിര നിക്ഷേപ പലിശ നമ്മുടെ കുടുംബത്തിൽ നിന്നും എൻജിനിയറിംഗ് ഉന്നതനിലയിൽ പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് നൽകുന്നതാണ്.
10. ആറാട്ടുപുഴ താഴത്തേടത്തു ബഹുമാനപ്പെട്ട ഫാദർ സാമുവൽ റ്റി. ജോർജ്ജ് (രക്ഷാധികാരി) നൽകിയ ഒരു ലക്ഷം രൂപ അദ്ദേഹത്തിന്റെ മാതാവ് ശ്രീമതി അമ്മിണി ജോർജ്ജിന്റെ സ്മരണയ്ക്കായി ഫിക്സഡ് ഡിപ്പോസിറ്റ് നിക്ഷേപിച്ചതിൽ നിന്ന് കിട്ടുന്ന തുക ക്യാൻസർ രോഗികൾക്ക് ചികിത്സക്കായി നൽകുന്നു.

**ചെറിയാൻ പി. ഉമ്മൻ** (സെക്രട്ടറി)
പൈനുംമുട്ടിൽ ഷെറിൻസ്
അങ്ങാടിക്കൽ, പുത്തൻകാവ്
ചെങ്ങന്നൂർ - 689 123
Ph : 0479 - 2451909 / 9847347963, 9400337963

# കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗം
## 2018 ഏപ്രിൽ 01 മുതൽ 2019 മാർച്ച് 31 വരെയുള്ള വരവ് ചിലവ് കണക്കുകൾ

| വരവിനങ്ങൾ | ബഡ്ജറ്റ് 2018 – 19 | | അസ്സൽ | |
|---|---|---|---|---|
| I മുൻനീക്കിയിരുപ്പ് | | | | |
| (a) പണമായി | 4151 | 09 | 4151 | 09 |
| (b) സേവിംഗ്സ് ബാങ്ക് | 133785 | 94 | 133785 | 94 |
| (c) സ്ഥിര നിക്ഷേപം | 549516 | 00 | 549516 | 00 |
| II തന്നാണ്ടുവരവിനങ്ങൾ | | | | |
| 1) സംഭാവന | 20000 | 00 | 15900 | 00 |
| 2) സ്കോളർഷിപ്പ് | 3000 | 00 | 1100 | 00 |
| 3) ജനറൽ ഫണ്ട് | 25000 | 00 | - | - |
| 4) ആയുഷ്ക്കല മെമ്പർഷിപ്പ് | 1000 | 00 | - | - |
| 5) ഡയറക്ടറി വിറ്റുവരവ് | 1000 | 00 | 110 | 00 |
| 6) വിദ്യാഭ്യാസ സഹായം | 5000 | 00 | - | - |
| 7) ചികിത്സാ സഹായം | 30000 | 00 | 10000 | 00 |
| 8) Subscription | 25000 | | 11500 | 00 |
| 9) ഓണാഘോഷം | 10000 | 00 | - | - |
| 10) ക്രിസ്തുമസ് ആഘോഷം | 5000 | 00 | - | - |
| 11) പരസ്യം | | | | |
| ബുള്ളറ്റിൻ | 25000 | 00 | 20550 | 00 |
| കലണ്ടർ | 20000 | 00 | 8000 | 00 |
| 12) വെബ്സൈറ്റ് | 5000 | 00 | - | - |
| 13) പലിശ | 40000 | 00 | 43437 | 00 |
| Round Off | 00 | - 03 | 00 | - 03 |
| **ആകെ** | **902453** | **00** | **798050** | **00** |

| ചിലവിനങ്ങൾ | ബഡ്ജറ്റ് 2018 – 19 | | അസ്സൽ | |
|---|---|---|---|---|
| 1) പ്രിന്റിംഗ് ചാർജ്ജ് | 50000 | 00 | 49090 | 00 |
| 2) പൊന്നാട | 3000 | 00 | 910 | 00 |
| 3) സമ്മാനം | 6000 | 00 | 2050 | 00 |
| 4) സ്കോളർഷിപ്പ് | 5000 | 00 | 1000 | 00 |
| 5) സൗണ്ട് സിസ്റ്റം | 10000 | 00 | 2800 | 00 |
| 6) വിദ്യാഭ്യാസ സഹായം | 5000 | 00 | - | - |
| 7) ചികിത്സാ സഹായം | 50000 | 00 | 20000 | 00 |
| 8) പോസ്റ്റേജ് | 2000 | 00 | 865 | 00 |
| 9) സ്റ്റേഷനറി | 1000 | 00 | 352 | 00 |
| 10) യാത്രാ ചിലവ്/ പാരിതോഷികം | 15000 | 00 | 6470 | 00 |
| 11) റീത്ത്/ബൊക്കെ | 5000 | 00 | 4200 | 00 |
| 12) ഓണാഘോഷം | 25000 | 00 | - | - |
| 13) ക്രിസ്തുമസ് ആഘോഷം | 6000 | 00 | 5655 | 00 |
| 14) വെബ്സൈറ്റ് | 5000 | 00 | 3500 | 00 |
| 15) മൊമെന്റോസ്/വിവാഹ സമ്മാനം | 6000 | 00 | 8525 | 00 |
| 16) വിവാഹ സംഭാവന | - | - | - | - |
| 17) ഇതര ചെലവുകൾ | 5000 | 00 | 1952 | 00 |
| 18) നീക്കിയിരിപ്പ് | - | - | - | - |
| a) കൈവശം | - | - | 10942 | 09 |
| b) സ്ഥിര നിക്ഷേപം | - | - | 549516 | 00 |
| I) General Fund | 215016 | 00 | - | - |
| II) Medical Fund | 310691 | 00 | - | - |
| III) Education Fund | 122809 | 00 | - | - |
| c) സേവിംഗ്സ് ബാങ്ക് | 54937 | 03 | 130222 | 94 |
| Round Off | 00 | - 03 | 00 | - 03 |
| **ആകെ** | **902453** | **00** | **798050** | **00** |

# കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗം 2019 – 20 ലെ ബഡ്ജറ്റ്

## വരവിനങ്ങൾ

| | | |
|---|---|---|
| I മുൻനീക്കിയിരുപ്പ് | | |
| (a) പണമായി | 10942 | 00 |
| (b) സേവിംഗ്സ് ബാങ്ക് | 130223 | 00 |
| (c) സ്ഥിര നിക്ഷേപം | 549516 | 00 |
| II തന്നാണ്ടുവരവിനങ്ങൾ | | |
| 1) സംഭാവന /രജിസ്ട്രേഷൻ | 20000 | 00 |
| 2) സ്കോളർഷിപ്പ് | 3000 | 00 |
| 3) ജനറൽ ഫണ്ട് | 25000 | 00 |
| 4) ആയുഷ്ക്കല മെമ്പർഷിപ്പ് | 1000 | 00 |
| 5) Subscription | 25000 | 00 |
| 6) ഡയറക്ടറി വിറ്റുവരവ് | 1000 | 00 |
| 7) വിദ്യാഭ്യാസ സഹായം | 5000 | 00 |
| 8) ചികിത്സാ സഹായം | 30000 | 00 |
| 9) ഓണാഘോഷം | 10000 | 00 |
| 10) ക്രിസ്തുമസ് ആഘോഷം | 5000 | 00 |
| 11) പരസ്യം : ബുള്ളറ്റിൻ | 25000 | 00 |
| " : കലണ്ടർ | 25000 | 00 |
| 12) വെബ്സൈറ്റ് | 5000 | 00 |
| 13) പലിശ | 40000 | 00 |
| **ആകെ** | **910681** | **00** |

## ചിലവിനങ്ങൾ

| | | |
|---|---|---|
| 1) പ്രിന്റിംഗ് ചാർജ്ജ് | 55000 | 00 |
| 2) പൊന്നാട | 4000 | 00 |
| 3) സമ്മാനം | 7000 | 00 |
| 4) സ്കോളർഷിപ്പ് | 5000 | 00 |
| 5) സൗണ്ട് സിസ്റ്റം/ ഫോട്ടോസ് | 10000 | 00 |
| 6) വിദ്യാഭ്യാസ സഹായം | 5000 | 00 |
| 7) ചികിത്സാ സഹായം | 50000 | 00 |
| 8) പോസ്റ്റേജ് | 2000 | 00 |
| 9) സ്റ്റേഷനറി | 1000 | 00 |
| 10) യാത്രാ ചിലവ് | 10000 | 00 |
| 11) റീത്ത്/ബൊക്കെ/പൂക്കൾ | 7000 | 00 |
| 12) ഓണാഘോഷം | 25000 | 00 |
| 13) ക്രിസ്തുമസ് ആഘോഷം | 8000 | 00 |
| 14) വെബ്സൈറ്റ് | 5000 | 00 |
| 15) മൊമെന്റോസ് / വിവാഹ സമ്മാനം | 8000 | 00 |
| 16) ഇതര ചെലവുകൾ | 7000 | 00 |
| 17) നീക്കിയിരിപ്പ് | | |
| (a) പണമായി | | |
| (b) സ്ഥിര നിക്ഷേപം | | |
| i) ജനറൽ ഫണ്ട് | 215016 | 00 |
| ii) മെഡിക്കൽ ഫണ്ട് | 310691 | 00 |
| ii) വിദ്യാഭ്യാസ ഫണ്ട് | 122809 | 00 |
| ii) സേവിംഗ്സ് ബാങ്ക് | 53165 | 00 |
| **ആകെ** | **910681** | **00** |

# സ്ഥിരനിക്ഷേപങ്ങൾ

| No. | Item | Federal Bank | Indian Bank | Dist. Co Op. Bank | Karur V. Bank | Total |
|---|---|---|---|---|---|---|
| 1. | General Fund | 47516 | 65000 | - | 68500 | 181016 |
| 2. | Medical Fund | 155000 | 125691 | - | - | 280691 |
| 3. | Educational Fund | - | - | 87809 | - | 87809 |
| | **Total** | **202516** | **190691** | **87809** | **68500** | **549516** |

പ്രസിദ്ധീകരണങ്ങളുടെ സ്റ്റോക്ക് വിവരം

| No. | Item | Qty | * Damage | Stock on 31.03.19 | Rate Per Unit | Total Amount |
|---|---|---|---|---|---|---|
| 1. | Directory | 780 | 740 | 40 | 10 | **400** |

* Damaged due to flood

# അനുബന്ധം

| മെമ്മോറിയൽ / എൻഡോവ്മെന്റ് ഫണ്ട് | |
|---|---|
| 1. കരിപ്പാച്ചേരിൽ ശ്രീ. കെ.എൻ. ചാക്കോ മെമ്മോറിയൽ | 1,000.00 |
| 2. കല്ലുങ്കൽ ശ്രീ. തങ്കച്ചൻ മെമ്മോറിയൽ | 1,000.00 |
| 3. താഴത്തേടത്ത് ശ്രീ. റ്റി.എൻ. ജോർജ്ജ് മെമ്മോറിയൽ | 5,000.00 |
| 4. താഴത്തേടത്ത് ചെറുതാല ശ്രീ & ശ്രീമതി എം.കെ. മാത്യു മെമ്മോറിയൽ | 25,000.00 |
| 5. ആറാട്ടുപുഴ താഴത്തേടത്ത് മിസ്സിസ്സ് & ഡോ. റ്റി.ഐ. ഈപ്പൻ മെമ്മോറിയൽ | 2,000.00 |
| 6. കോന്നി മാമ്മൂട്ടിൽ ശ്രീ. കെ.ജി. ജോൺ മെമ്മോറിയൽ | 10,000.00 |
| 7. ശ്രീ. മാമ്മൻ ഉമ്മൻ (മോനി) പുത്തൻപുരയ്ക്കൽ, പുത്തൻകാവ് | 10,000.00 |
| 8. ആറാട്ടുപുഴ നല്ലൂർ പുത്തൻപീടികയിൽ ശ്രീ. എൻ.ഐ. ചെറിയാൻ | 25,000.00 |
| 9. ആറാട്ടുപുഴ നല്ലൂർ പുത്തൻപീടികയിൽ ശ്രീ. ചെറിയാൻ അലക്സ് (ജൂണിയർ) | 25,000.00 |
| 10. കോന്നി ഊട്ടു പാറ മാമ്മൂട്ടിൽ എസ്റ്റേറ്റിൽ ശ്രീ. കെ. ജോർജ്ജ് ജോസഫ് & ശ്രീമതി അമ്മിണി ജോസഫ് | 20,000.00 |
| 11. മലയിൽ ശ്രീ. എം.ഇ. ജോർജ്ജ് (കടവന്ത്ര, കൊച്ചി) | 25,000.00 |
| 12. അങ്ങാടിക്കൽ എഴിക്കകത്ത് ശ്രീ. എബ്രഹാം മാത്യു | 1,000.00 |
| 13. വെരി. റവ. പി.എസ്. സാമുവൽ കോർ എപ്പിസ്കോപ്പാ | 5,000.00 |
| 14. കോഴിക്കോട്, പി.ഒ. മാർക്കോസ്, പുത്തൻപുരയ്ക്കൽ | 25,000.00 |
| 15. ആറാട്ടുപുഴ, അമ്മിണിജോർജ്ജ്, താഴത്തേടത്ത് | 1,00,000.00 |
| **ആകെ** | **2,80,000.00** |

# 2018 ക്രിസ്തുമസ് ആഘോഷം – ചില ദൃശ്യങ്ങൾ



















النخيل
للاستشارات الهندسية
استشاري تصميم و اشراف هندسي

AL NAKHEEL
ENGINEERING CONSULTANCE L.L.C.

AL NAKHEEL DESIGN CONSULTANTS SUPERVISION

UAQ BRANCH







(HEAD OFFICE)
P.O.BOX: 2476 Al Nakheel Street,Opp.Masjid Al Furkan, Ajman,UAE
Tel: +971 6 7448048, Fax: +971 6 7429305
Email: nakhelaj@eim.ae, info@alnakheelconsultants.com
www.alnakheelconsultants.com

(BRANCH)
Flat # 408 Al Dour Tower Near UAQ Bank, UAQ
Email: nakheluaq@gmail.com
www.alnakheelconsultants.com
Tel: +971 6 7457979 Mob.: +971 50 5196228